## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ-ജീവനക്കാര്യം-മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം **2026** - അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ അന്തിമ പട്ടിക പരിഷ്കരിച്ച് ഉത്തരവാകുന്നു..

പരാമർശം:-

1.സ.ഉ(പി)നം. **03/ 2017**/ഉ.ഭ.പ.വ തീയതി **25.02.2017**

2.സ.ഉ.(സാധാ)നം.1369/2026/H&FWD തീയതി: **10-04-2026**

3.സർക്കുലർ നം.ഇ.എച്ച്1- **31371/2025**/ആ.വ.ഡ തീയതി **13.04.2026**

4.ജീവനക്കാർ **SPARK** മുഖേന സമർപ്പിച്ച അപേക്ഷകൾ

5.ഉത്തരവ് നം.ഇ.ബി4- **10521 /2026**/ആ.വ.ഡ തീയതി **02.06.2026**

6.ഉത്തരവ് നം.ഇ.എച്ച്1-**31371/2025**/ആ.വ.ഡ തീയതി **04.06.2026**

7.ഉത്തരവ് നം.ഇ.ബി4- **10521/2026** ആ.വ.ഡ തീയതി **01/7/2026**

8.ഡോ. പ്രിയലക്ഷ്മി **03/7/2026** തീയതിയിൽ മേലധികാരി മുഖേന സമർപ്പിച്ച ഹർജി

**ഉത്തരവ് നം: ഇ.ബി4- 10521/2026/ആ.വ.ഡ തീയതി: 10-07-2026**

---

ആരോഗ്യവകുപ്പിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ

2026 ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം 7 പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് സ്ഥലംമാറ്റ പട്ടികയിൽ നിന്നും വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർക്ക് നിശ്ചിത പരിധിക്കുള്ളിൽ ഹർജി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡോ. പ്രിയലക്ഷ്മി  പരാമർശം 8 പ്രകാരം സമർപ്പിച്ച ഹർജിയിൽ സി.എച്ച്.സി മറയൂരിലേക്കാണ് തന്നെ സ്ഥലംമാറ്റിയത് എന്നും കരട് പട്ടികയിൽ പേര് ഉണ്ടായിരുന്നില്ല എന്നും വീട് തൊടുപുഴയാണ് എന്നും ടിയാളെ നിലവിലെ സ്ഥാപനത്തിൽ നിലനിർത്തുകയോ ടിയാൾ ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ ഒഴിവ് വന്നാൽ സ്ഥലംമാറ്റം നൽകുകയോ ചെയ്യണമെന്നാണ് പരാമർശിച്ചിരുന്നത്. എന്നാൽ ടിയാൾ നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്റ്റേഷനിൽ കൂടുതൽ അർഹരായ മെഡിക്കൽ ഓഫീസറെ പരിഗണിക്കേണ്ടതിനാൽ പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം നിലവിലെ സ്റ്റേഷനിൽ നിലനിർത്തുവാൻ നിർവാഹമില്ല. ടിയാൾ ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ ഒഴിവ് വരുന്ന മുറയ്ക്ക് യോഗ്യതയ്ക്കും സ്ഥലംമാറ്റ മാനദണ്ഡപ്രകാരവും പരിഗണിക്കുന്നതായിരിക്കും. അതിനാൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ 2026 ലെ പൊതുസ്ഥലംമാറ്റ പട്ടിക ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

2. പരാമർശം 7 പ്രകാരമുള്ള അന്തിമ പട്ടികയിലെ ക്രമ നം. 35 ആയി ഉൾപ്പെടുത്തിയിട്ടുള്ള ഡോ.ജെയ്സൺ തോമസിന്റെ അപ്പീൽ അപേക്ഷ പരിഗണിച്ച് ടിയാൾക്ക് ജില്ലാ ആശുപത്രി മാനന്തവാടിയിലേക്കും 28/01/2019 മുതൽ ജില്ലാ ആശുപത്രി മാനന്തവാടിയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.പ്രിയങ്ക പൗലോസിനെ (പെൻ.854934) ഒഴിവ് നിലവിലുള്ള സി.എച്ച്.സി ബദിയഡുക്കയിലേക്കും സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു .

3. പരാമർശം 7 പ്രകാരമുള്ള 2026 ലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അന്തിമ പട്ടിക

മേൽഭേദഗതിയോടെ  നിലനിൽക്കുന്നതാണ്.

4. പരാമർശം 7 പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ പട്ടികയിൽ ഉൾപ്പെട്ട എല്ലാ മെഡിക്കൽ ഓഫീസർമാരെയും, സ്ഥാപന മേധാവികളും/ജില്ലാ മെഡിക്കൽ ഓഫീസർമാരും പകരക്കാർ ജോലിയിൽ പ്രവേശിക്കുന്നത് കാത്ത് നിൽക്കാതെ വിടുതൽ ചെയ്യേണ്ടതും വിടുതൽ/പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

5. ആരോഗ്യ വകുപ്പ് മേധാവിയുടെ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Digitally signed by
Meenakshy V
Date: 10-07-2026
17:36:37

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ

പകർപ്പ്:-

1.എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും

2.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്

3.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യാഗിക വെബ്സൈറ്റിൽ  പ്രസിദ്ധീകരിക്കുന്നതിന്

4.ഫയൽ/കരുതൽ ഫയൽ